# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം

വിഷയം:- നഗരഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രണ കാര്യാലയം - തിരുവനന്തപുരം -സാങ്കേതികവിഭാഗം – മലപ്പുറം ജില്ല – കണ്ണമംഗലം ഗ്രാമപഞ്ചായത് – കണ്ണമംഗലം വില്ലേജിൽ ഉൾപ്പെട്ട സ്ഥലത്ത് ക്രഷർ & എം സാൻഡ് യൂണിറ്റ് ബിൽഡിംഗ് നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മലപ്പുറം നഗരാസൂത്രകയുടെ 31/10/2019-ലെ TCPMPM/2101/2019-A3 നമ്പർ കത്ത്.

2. കണ്ണമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26/09/19-ലെ എ 5/3487/19 നമ്പർ കത്ത്.

---

## കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

**ഉത്തരവ്. നം. TCPCTP/2743/19-C2** **തീയതി : 28/11/2019**

---

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കണ്ണമംഗലം വില്ലേജിൽ റീസർവ്വേ നമ്പർ 35/1A-9, 35/1B-14, 35/1B-6, 35/3-7 , 35/4-5 & 36/1-46-1 എന്നിവയിൽ ഉൾപ്പെട്ട 1.26863 ഹെക്ടർ സ്ഥലത്തു hazardous occupancy വിഭാഗത്തിൽ ഉൾപ്പെടുന്ന 1113.05 ച.മീ വിസ്തീർണമുള്ള (plant - 870.12 ച.മീ + Hopper - 114.48 ച.മീ + Toilet - 11.25 ച.മീ + Water tank - 19 .36 ച.മീ + Sedimentation tank + 60.60 ച.മീ) ക്രഷർ & എം-സാൻഡ് യൂണിറ്റ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. വീരശ്ശേരി യൂസഫ് മുതൽ 5 പേർ, വീരശ്ശേരി(H), ചെറെക്കാട്, കണ്ണമംഗലം വെസ്റ്റ്, മലപ്പുറം എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. നിർമാണം KPBR 2011-നും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. KPBR 2011 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, അതിരുകളും, അളവുകളും, പ്രമാണങ്ങളും, ആധികാരികതയും, ഉടമസ്ഥാവകാശവും, പ്രസ്തുത ഭൂമി പുറംമ്പോക്കുഭൂമിയിൽ ഉൾപ്പെട്ടതല്ലെന്നും, കൂടാതെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ കീഴിൽ വരുന്നതാണോ എന്നും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. ചട്ടം 61(3) പ്രകാരം കെട്ടിടത്തിന് ചുറ്റും തുറസ്സായ സ്ഥലം കുറഞ്ഞത് 7.5 മീ. ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. ചട്ടം 61(4) പ്രകാരം പ്രസ്തുത സൈറ്റിലേക്ക് 7.0 മീറ്ററിൽ കുറയാത്ത പ്രവേശന മാർഗ്ഗം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. അംഗീകാരം നൽകുന്നതിന് മുമ്പ് ചട്ടം 61(5), 61(6) പ്രകാരം മലിനീകരണ

4588

GOVERNMENT OF KERALA 2017-18

നിയന്ത്രണ ബോർഡിൽ നിന്നും, അഗ്നിരക്ഷാ വകുപ്പിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.

6. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്ന മുറക്ക് ചട്ടം 61(7) പ്രകാരം ഫയർ പ്രൊട്ടക്ഷൻ സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
7. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്ന മുറക്ക് ചട്ടം 61(8) പ്രകാരമുള്ള സാനിട്ടേഷൻ സൗകര്യം നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
8. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്ന മുറക്ക് ചട്ടം 61(16), 61(17) പ്രകാരമുള്ള ഖര-ദ്രവ്യമാലിന്യ സംസ്കരണത്തിനുള്ള സംവിധാനവും , മലിനജലം പുതുക്കി പുനരുപയോഗത്തിനുള്ള വ്യവസ്ഥിതിയും ഏർപ്പെടുത്തേണ്ടതാണ്.
9. ചട്ടം 101 പ്രകാരം ഭൂഗർഭജല പോഷണ ക്രമീകരണത്തിനുള്ള സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
10. നിർദ്ദിഷ്ട സ്ഥലത്തിനകത്തായി നഞ്ച ഗണത്തൽപ്പെട്ട റീ .സ. നമ്പർ. 35/1B-5, 35/6B-7 ൽപ്പെട്ട സ്ഥലത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം യാതൊരു വിധ നിർമ്മാണ പ്രവർത്തനങ്ങളോ തരം മാറ്റുവാനോ പാടില്ല.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 150/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം:- ഒരു സൈറ്റ് പ്ലാൻ

പി.ആർ. ജയശ്രീ.
നഗരാസൂത്രക

സെക്രട്ടറി,
കണ്ണമംഗലം ഗ്രാമപഞ്ചായത്ത്

പകർപ്പ്:-

1. ശ്രീ. വീരശ്ശേരി യൂസഫ് മുതൽ 5 പേർ, വീരശ്ശേരി(H), ചെറെക്കാട്, കണ്ണമംഗലം വെസ്റ്റ്, മലപ്പുറം.
2. ടൗൺ പ്ലാനർ, മലപ്പുറം.
3. വെബ് സൈറ്റ്.
4. കരുതൽ ഫയൽ.
5. അധികം.



GOVERNMENT OF KERALA 2017-18